**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1126** — **29-08-2022 - ൽ മറുപടിയ്ക്ക്**

**കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ മുഴുവൻ കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്നും ഇ-5395578 നമ്പർ പ്രകാരം മൃഗസംരക്ഷണ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുള്ള എളവള്ളി പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (എ) | ഉണ്ട്. എളവള്ളി പഞ്ചായത്തിലെ 1000 പശുക്കളെ സർക്കാരിന്റെ സബ്സിഡി സ്കീമിൽ ഉൾപ്പെടുത്തി ഇൻഷ്വർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ചൂണ്ടിക്കാട്ടി എളവള്ളി പഞ്ചായത്ത് പ്രസിഡന്റ് ബഹു.മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ സബ്സിഡിയോടു കൂടി കേരളത്തിലെ ക്ഷീര കർഷകർക്കായി നടപ്പിലാക്കുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതിയാണ് "ഗോസമൃദ്ധി എൻ.എൽ.എം" പദ്ധതി. നിലവിൽ നിർവ്വഹണം നടത്തി വരുന്ന 2020-21 പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ ഏകദേശം 60,000 പശുക്കളെ മാത്രമേ ഇൻഷ്വർ ചെയ്യാൻ സാധിക്കുകയുള്ളൂ. "ഗോസമൃദ്ധി എൻ.എൽ.എം 2020-21 പദ്ധതി" 90% തുക ചെലവ് കണക്കിൽ വരികയും ചെയ്തിട്ടുണ്ട്.<br><br>"ഗോസമൃദ്ധി എൻ.എൽ.എം 2021-22 പദ്ധതി" പ്രാരംഭ ഘട്ടത്തിലാണ്. ഇതിനായി ഗോസമൃദ്ധി 500 ലക്ഷവും എൻ.എൽ.എം 332.82 ലക്ഷവും ഉൾപ്പെടെ 832.82 ലക്ഷം രൂപയാണ് ലഭ്യമായിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തെ എല്ലാ ബ്രീഡബിൾ കന്നുകാലികളെയും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>നിലവിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ജില്ലകളിലെ ബ്രീഡബിൾ കന്നുകാലികളുടെ കണക്കിന്റെ അടിസ്ഥാനത്തിലാണ് ജില്ലകൾക്ക് ഫണ്ട് നൽകുന്നത്. എളവള്ളി ഗ്രാമപഞ്ചായത്തിലെ ഉരുക്കളെ മുഴുവൻ ഉൾപ്പെടുത്തണമെന്ന ആവശ്യം |

| | | | |
|---|---|---|---|
| | | | പരിഗണിക്കാൻ നടപ്പ പദ്ധതിയിൽ ലഭിച്ചിട്ടുള്ള ഫണ്ട് അപര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ